"ഭരണഭാഷ- മാതൃഭാഷ"

Break the chain

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പാർലമെന്ററികാര്യ വകുപ്പ് - മുൻ നിയമസഭാംഗം ശ്രീ.കെ.കുട്ടി അഹമ്മദ് കുട്ടിക്ക് ഹൃദയ സംബന്ധമായ അസുഖവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ശ്രീ ചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് & ടെക്നോളജിയിൽ ചികിത്സ നടത്തുന്നതിനായി 20 ലക്ഷം രൂപ മെഡിക്കൽ അഡ്വാൻസ് അനുവദിക്കുന്നതിന് ചട്ടങ്ങളിൽ ഇളവ് വരുത്തി അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പാർലമെന്ററികാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം. 34/2021/പാ.കാ.വ തീയതി, തിരുവനന്തപുരം, 09/12/2021

---

പരാമർശം: നിയമസഭാ സെക്രട്ടറിയുടെ 29.11.2021 തീയതിയിലെ 14816/എം.എ.ഡി3/2021/നി.സെ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

മുൻ നിയമസഭാംഗം ശ്രീ.കെ.കുട്ടി അഹമ്മദ് കുട്ടിക്ക് ഹൃദയ സംബന്ധമായ അസുഖവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ശ്രീ ചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് & ടെക്നോളജിയിൽ ചികിത്സ നടത്തുന്നതിനായി 20 ലക്ഷം രൂപ മെഡിക്കൽ അഡ്വാൻസ് അനുവദിക്കണമെന്ന അപേക്ഷയിൽ തുടർ നടപടികൾ സ്വീകരിക്കുവാൻ നിയമസഭാ സെക്രട്ടറി പരാമർശിത കത്ത് മുഖേന അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 1988-ലെ ദ മെഡിക്കൽ അറ്റൻഡൻസ് ടു ദ എക്സ് മെമ്പേഴ്സ് ഓഫ് ദ ലെജിസ്ലേറ്റീവ് അസംബ്ലി റൂൾസിലെ വ്യവസ്ഥകൾക്ക് വിധേയമായാണ് മുൻ നിയമസഭാംഗങ്ങൾക്ക് ചികിത്സാ ചെലവ് അനുവദിക്കുന്നത്. പ്രസ്തുത ചട്ടങ്ങൾ പ്രകാരം മുൻ നിയമസഭാസാമാജികർക്ക് മെഡിക്കൽ അഡ്വാൻസ് അനുവദിക്കാൻ വ്യവസ്ഥയില്ല.

3. മേൽ സാഹചര്യത്തിൽ മുൻ നിയമസഭാംഗം ശ്രീ.കെ.കുട്ടി അഹമ്മദ് കുട്ടിക്ക് ഹൃദയ സംബന്ധമായ അസുഖവുമായി ബന്ധപ്പെട്ട് ശ്രീ ചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് & ടെക്നോളജിയിൽ ചികിത്സ നടത്തുന്നതിനായി 1988-ലെ ദ മെഡിക്കൽ അറ്റൻഡൻസ് ടു ദ എക്സ് മെമ്പേഴ്സ് ഓഫ് ദ ലെജിസ്ലേറ്റീവ് അസംബ്ലി റൂൾസിൽ ഇളവ് വരുത്തി 20 ലക്ഷം രൂപ (ഇരുപത് ലക്ഷം രൂപ മാത്രം) പലിശരഹിതവായ്പ ഇനത്തിൽ അനുവദിക്കുന്നതിന് പ്രത്യേക അനുമതി നല്കി ഉത്തരവാകുന്നു.

4. പ്രസ്തുത തുക "2071-01-111-98- Medical Attendance Charges to State Legislators drawing pension (or Ex-Members of the State Legislative Assembly)" എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കാൻ (**പലിശരഹിതവായ്പ മൂന്നു മാസത്തിനകം ക്രമീകരിക്കേണ്ടതാണെന്നും ആയത് അർഹമായ മെഡിക്കൽ റീഇംപേഴ്സ്മെന്റ് തുകയിൽ മൂന്നു മാസത്തിനകം ക്രമപ്പെടുത്തി ബാക്കി തുക ഉള്ള പക്ഷം** തിരിച്ചു പിടിക്കാനുള്ള നടപടികൾ നിയമസഭാ സെക്രട്ടറി സ്വീകരിക്കേണ്ടതാണെന്നുമുള്ള വ്യവസ്ഥയിൽ) അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
ഡോ.രാജു നാരായണ-സ്വാമി
പ്രിൻസിപ്പൽ സെക്രട്ടറി

ശ്രീ.കെ.കുട്ടി അഹമ്മദ് കുട്ടി, H/o ജഹനാര, മാസ്റ്റർ ഹൗസ്, താനൂർ -676302
സെക്രട്ടറി, കേരള നിയമസഭ (ആമുഖകത്ത് സഹിതം).
ധനകാര്യ വകുപ്പ് (03/12/2021 തീയതിയിലെ 1935198-എൽ3/364/2021-ധന നം. കുറിപ്പ് പ്രകാരം).
വെബ് ആന്റ് ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Sreekumary.K
സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**
**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**

**<u>മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്</u>**

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | പാകാവ-എ 2 /117/2021-പാകാവ |
| 2 | വകുപ്പ് | : | പാർലമെന്ററികാര്യ (എ) വകുപ്പ് |
| 3 | വിഷയം | : | മുൻ നിയമസഭാംഗം ശ്രീ കെ. കുട്ടി അഹമ്മദ്കുട്ടിക്ക് ചികിത്സയ്ക്കായി 20 ലക്ഷം രൂപ മെഡിക്കൽ അഡ്വാൻസ് അനുവദിച്ച ഉത്തരവ് സാധൂകരിക്കുന്നത്- സംബന്ധിച്ച് |
| 4 | മന്ത്രിസഭാ യോഗത്തിനു സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി; | : | 08/12/2021 |
| 5 | (I)ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ; | : | അതെ |
| | (ii)സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; | : | ഉണ്ട് |
| | ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | : | |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; | : | ഇല്ല |
| | ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | : | |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര്; | : | ശ്രീമതി. ബീനകുമാരി.എസ് |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര്; | : | ഡോ. രാജു നാരായണ സ്വാമി |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി; | : | 07/01 /2022 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര്; | : | ഡോ. വി.പി.ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി; | : | 12/01/2022 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര്; | : | ശ്രീ. കെ. രാധാകൃഷ്ണൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി; | : | 15/01/2022 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി; | : | 24/01/2022 |
| 15 | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി; | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും; | : | |

<u>മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്</u>

ബഹു.മുൻ നിയമസഭാംഗം ശ്രീ.കെ.കുട്ടി അഹമ്മദ് കുട്ടിക്ക് The Medical Attendance to the Ex-Members of the Legislative Assembly Rules, 1988--ൽ ഇളവു വരുത്തി 20 ലക്ഷം രൂപ മെഡിക്കൽ അഡ്വാൻസ് അനുവദിച്ച സർക്കാർ ഉത്തരവ് സാധൂകരിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. തിരുവനന്തപുരം ശ്രീ ചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് & ടെക്നോളജിയിൽ ഹൃദയ സംബന്ധമായ അസുഖവുമായി ബന്ധപ്പെട്ട് ചികിത്സ നടത്തുന്നതിനായി 20 ലക്ഷം രൂപ മെഡിക്കൽ അഡ്വാൻസ് അനുവദിക്കണമെന്ന മുൻ നിയമസഭാംഗം ശ്രീ.കെ.കുട്ടി അഹമ്മദ് കുട്ടിയുടെ അപേക്ഷ, ആശുപത്രിയിൽ നിന്നും ലഭ്യമാക്കിയ സർട്ടിഫിക്കറ്റ് സഹിതം അനന്തര നടപടികൾക്കായി നിയമസഭാ സെക്രട്ടറി സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി.

3. *The Medical Attendance to the Ex-Members of the Legislative Assembly Rules, 1988*--ലെ വ്യവസ്ഥകൾക്ക് വിധേയമായാണ് മുൻ നിയമസഭാംഗങ്ങൾക്ക് ചികിത്സാ ചെലവ് അനുവദിക്കുന്നത്. പ്രസ്തുത ചട്ടങ്ങൾ പ്രകാരം മുൻ നിയമസഭാസാമാജികർക്ക് മെഡിക്കൽ അഡ്വാൻസ് അനുവദിക്കാൻ വ്യവസ്ഥയില്ല.

4. മേൽ സാഹചര്യത്തിൽ മുൻ നിയമസഭാംഗം ശ്രീകെ.കുട്ടി അഹമ്മദ് കുട്ടിക്ക് ചികിത്സയ്ക്കായി 20 ലക്ഷം രൂപ മെഡിക്കൽ അഡ്വാൻസ് അനുവദിക്കുന്ന കാര്യത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം തേടിയപ്പോൾ ആ വകുപ്പ് താഴെപ്പറയുന്ന അഭിപ്രായം രേഖപ്പെടുത്തുകയുണ്ടായി.

*"പലിശ രഹിതവായ്പ മൂന്നു മാസത്തിനകം ക്രമീകരിക്കേണ്ടതാണെന്ന വ്യവസ്ഥയിൽ മാത്രം, ബഹുമാനപ്പെട്ട മുൻ സ്പീക്കർ ശ്രീ.കെ.കുട്ടി അഹമ്മദ് കുട്ടിയുടെ ഹൃദയ സംബന്ധമായ അസുഖവുമായി ബന്ധപ്പെട്ട് ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് & ടെക്നോളജിയിൽ ചികിത്സ നടത്തുന്നതിനായി The Medical Attendance to the Ex-Members of the Legislative Assembly Rules, 1988-ൽ ഇളവു വരുത്തി 20,00,000 ലക്ഷം രൂപ (ഇരുപത് ലക്ഷം രൂപാ മാത്രം) പലിശ രഹിതവായ്പ ഇനത്തിൽ അനുവദിയ്ക്കുന്നതിന് പ്രത്യേക അനുമതി നൽകുന്നു.*

*ഇതിനു ബഹുമാനപ്പെട്ട ധനകാര്യ മന്ത്രിയുടെ അംഗീകാരമുണ്ട്. "*

5. ധനകാര്യ വകുപ്പിന്റെ അഭിപ്രായം സഹിതം ഫയൽ ചംക്രമണം ചെയ്തപ്പോൾ വായ്പ അനുവദിച്ച് ഉത്തരവായ ശേഷം മന്ത്രിസഭയുടെ സാധൂകരണം തേടുന്നതിനായി ബഹുമുഖ്യമന്ത്രി ഉത്തരവായി.

6. ഈ സാഹചര്യത്തിൽ മുൻ നിയമസഭാംഗം ശ്രീ.കെ.കുട്ടി അഹമ്മദ് കുട്ടിക്ക് ഹൃദയ സംബന്ധമായ അസുഖവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ശ്രീ ചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് & ടെക്നോളജിയിൽ ചികിത്സ നടത്തുന്നതിനായി The Medical Attendance to the Ex-Members of the Legislative Assembly Rules, 1988-ൽ ഇളവ് വരുത്തി 20 ലക്ഷം രൂപയുടെ മെഡിക്കൽ അഡ്വാൻസ് ഒരു പ്രത്യേക അനുമതി വഴി ***"2071-01-111-98-MEDICAL ATTENDANCE CHARGES TO STATE LEGISLATORS DRAWING PENSION (OR EX-MEMBERS OF THE STATE LEGISLATIVE ASSEMBLY)"*** എന്ന ശീർഷകത്തിൽ നിന്നും അനുവദിച്ചും പ്രസ്തുത തുക മൂന്നു മാസത്തിനകം അർഹമായ മെഡിക്കൽ റീഇംബേഴ്സ്മെന്റ് തുകയിൽ ക്രമപ്പെടുത്തി ബാക്കി തുക ഉള്ള പക്ഷം തിരിച്ചു പിടിക്കാനുള്ള നടപടികൾ സ്വീകരിക്കുവാൻ നിയമസഭാ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയും 09/12/2021-ലെ സ.ഉ(സാധാ) നം.34/2021/പാ.കാ.വ ഉത്തരവ് പ്രകാരം (അനുബന്ധം) ഉത്തരവായി.

7.ഈ വിഷയം മന്ത്രിസഭാ യോഗത്തിന്റെ സാധൂകരണത്തിന് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## ***തീരുമാനിക്കേണ്ട വിഷയം***

മുൻ നിയമസഭാംഗം ശ്രീ.കെ.കുട്ടി അഹമ്മദ് കുട്ടിക്ക് ഹൃദയ സംബന്ധമായ അസുഖവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ശ്രീ ചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് & ടെക്നോളജിയിൽ ചികിത്സ നടത്തുന്നതിനായി 20 ലക്ഷം രൂപ മെഡിക്കൽ അഡ്വാൻസ് അനുവദിക്കാൻ അനുമതി നല്കിയ 09/12/2021-ലെ സ.ഉ(സാധാ) നം.34/2021/പാ.കാ.വ ഉത്തരവ് സാധൂകരിക്കാമോ?

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 27-01-2022

ഫയൽ നം. പാകാവ-എ2/117/2021-പാകാവ. ഇനം നം: 512

വിഷയം : പാർലമെന്ററികാര്യ വകുപ്പ് - മുൻ നിയമസഭാംഗം ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടിക്ക് ചികിത്സയ്ക്കായി 20 ലക്ഷം രൂപ മെഡിക്കൽ അഡ്വാൻസ് അനുവദിച്ച ഉത്തരവ് സാധൂകരിക്കുന്നത്.

തീരുമാനം : സാധൂകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, പാർലമെന്ററികാര്യ വകുപ്പ്.